## പതിമൂന്നാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 744** **12.06.2013-ലെ മറുപടിക്ക്**

## കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസ് സർവ്വകലാശാലയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസ് സർവ്വകലാശാലയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ; | (എ) കേരള ആരോഗ്യ സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ നിലവിൽ 240 കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. 7 ഫാക്കൽറ്റികളിലായി ഏകദേശം 48000 വിദ്യാർത്ഥികൾ സർവ്വകലാശാലക്ക് കീഴിൽ പഠനം നടത്തിവരുന്നു. 119 കോഴ്സുകളും ഏകദേശം 725 എണ്ണം പരീക്ഷകളും ഓരോ വർഷവും നടത്തേണ്ടതുണ്ട്. കൂടാതെ പുതിയ കോളേജുകളുടെ അഫിലിയേഷൻ,ഓൺലൈൻ സ്റ്റുഡൻസ് രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ, കോഴ് സുകളുടെ എലിജിബിലിറ്റി പരിശോധന, സിലബസ് പരിഷ്കരണം, ഗവേഷണ സംബന്ധമായ പ്രവർത്തനങ്ങൾ തുടങ്ങിയ അക്കാദമിക് പ്രവർത്തനങ്ങളും നടന്നുവരുന്നു. സർവ്വകലാശാലയുടെ ആസ്ഥാന മന്ദിര നിർമ്മാണം അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരികയാണ്. |
| (ബി) പ്രസ്തുത സർവ്വകലാശാലയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (ബി) നിലവിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ അടക്കം 117 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത സർവ്വകലാശാലയുടെ പ്രവർത്തന ലക്ഷ്യം വിശദമാക്കാമോ ? | (സി) കേരളത്തിൽ നിലവിലുള്ള വിവിധ ആരോഗ്യ വിദ്യാഭ്യാസ ഗവേഷണ ശാഖകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ആരോഗ്യ വിദ്യാഭ്യാസ ഗവേഷണ മേഖലകളുടെ സമഗ്രവികസനവും പരിപോഷണവും ലക്ഷ്യമാക്കിയാണ് കേരള ആരോഗ്യ സർവ്വകലാശാല രൂപീകൃതമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ